പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2727 | 19/12/2012-ൽ മറുപടിക്ക്

## പട്ടികവർഗ്ഗ കോളനികളെ മാതൃകാ സങ്കേതങ്ങളാക്കുന്ന പദ്ധതി

ചോദ്യം | മറുപടി

ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ
ശ്രീ. സണ്ണി ജോസഫ്
ശ്രീ. എം.പി.വിൻസെന്റ്
ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി

കുമാരി.പി.കെ.ജയലക്ഷ്മി

(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പു മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പട്ടികവർഗ്ഗ കോളനികളെ മാതൃകാ സങ്കേതങ്ങളാക്കി മാറ്റുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (ബി) | എല്ലാവിധ അടിസ്ഥാന സൗകര്യങ്ങളും ഏർപ്പെടുത്തി സ്വയംപര്യാപ്തമായ കോളനി സ്ഥാപിക്കുക എന്നതാണ് ടി പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. |
| (സി) | എത്ര പട്ടികവർഗ്ഗ കോളനികളാണ് ഈ പദ്ധതിയിൻ കീഴിൽ നവീകരിക്കാനുദ്ദേശിക്കുന്നത്; | (സി) | പ്രാരംഭഘട്ടത്തിൽ 5 കോളനികൾ |
| (ഡി) | എന്തെല്ലാം ഭൗതിക സൗകര്യങ്ങളാണ് ഈ പദ്ധതിപ്രകാരം കോളനികളിൽ ലഭിക്കുന്നത്; വിശദമാക്കുമോ? | (ഡി) | മാതൃകാ കോളനിയായി തിരഞ്ഞെടുക്കപ്പെട്ട ഓരോ പട്ടികവർഗ്ഗ കോളനിയിലും ചുരുങ്ങിയത് 5 ഏക്കർ സ്ഥലവും, പരമാവധി 25 കുടുംബങ്ങളുടെ പുനരധിവാസത്തിനായി വാസയോഗ്യമായ വീടും അനുബന്ധ സൗകര്യങ്ങളും, കോളനിയിലേയ്ക്ക് ടാറിട്ട റോഡ്, വൈദ്യുതി, കുടിവെള്ളം, കൃഷിഫാം, കമ്മ്യൂണിറ്റി ഹാൾ, ബയോഗ്യാസ് പ്ളാന്റ് തുടങ്ങി എല്ലാ അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ